ച 185
29/2/20

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം ജില്ലയിലെ വേലംപൊയ്കയിൽ കുടിവെള്ള പദ്ധതിയ്ക്കായി നിർമ്മിച്ച വാട്ടർ ടാങ്ക് വീടിന് മുകളിലേയ്ക്ക് മറിഞ്ഞ് വീണ് അപകടത്തിൽപ്പെട്ട കുടുംബത്തിന് ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **81/2020/റവ.** തിരുവനന്തപുരം, തീയതി, **27.02.2020.**

==================================================

പരാമർശം:- 1. 16.07.2016-ലെ സ.ഉ. (കൈ) നം. 415/2016/റവ. നമ്പർ ഉത്തരവ്.

2. കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 11.12.2017-ലെ CRMP No. 4627/LA1/2016/KeSCPCR നമ്പർ ഉത്തരവ്.

3. കൊല്ലം ജില്ലാകളക്ടറുടെ 14.02.2018, 29.10.2019 എന്നീ തീയതികളിലെ എൻ 7-49517/2016 നമ്പർ കത്തുകൾ.

## ഉത്തരവ്

കൊല്ലം ജില്ലയിലെ വേലംപൊയ്കയിൽ കുടിവെള്ള പദ്ധതിയ്ക്കായി നിർമ്മിച്ച വാട്ടർ ടാങ്ക് വീടിന് മുകളിലേയ്ക്ക് മറിഞ്ഞ് വീണ്, കൊല്ലം ജില്ലയിലെ, കൊട്ടാരക്കര താലൂക്കിലെ, പവിത്രേശ്വരം വില്ലേജിൽ, കൈതക്കോട്, വേലംപൊയ്ക ഷിബു ഭവനിൽ ശ്രീ. ആഞ്ചലോസിന്റെ മകൻ അബി ഗബ്രിയേൽ (7 വയസ്സ്) മരണപ്പെടുകയും ശ്രീ. ആഞ്ചലോസിന്റെ ഭാര്യയായ ശ്രീമതി. ബീനയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തതിനെ തുടർന്ന് ശ്രീ ആഞ്ചലോസിന്റെ കുടുംബത്തിന് പരാമർശം (1) പ്രകാരം 5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു.

2. സർക്കാർ പ്രഖ്യാപിച്ച മുഴുവൻ തുകയും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലെ ജീവനക്കാർ നൽകിയ പണം കണക്കിലെടുക്കാതെ നൽകാനും വാട്ടർ അതോറിറ്റിയിലെ ജീവനക്കാർ പിരിച്ചെടുത്ത പണം കുടുംബത്തിന്റെ മറ്റു ചിലവുകൾക്കായി നീക്കിവെക്കുവാനും പരാമർശം (2) പ്രകാരം കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി.

3. കുടുംബത്തിന് ആശ്വാസമെന്ന നിലയിൽ വാട്ടർ അതോറിറ്റിയിലെ ജീവനക്കാർ പിരിച്ചെടുത്ത് കൈമാറിയ 1,00,000/- രൂപ കൊല്ലം മെഡിസിറ്റി ആശുപത്രിയിൽ അപകടത്തിൽ പരിക്കേറ്റ ശ്രീമതി. ബീനയുടെ ചികിൽസയ്ക്ക് ചെലവായതിന് നൽകിയ സാഹചര്യത്തിൽ, കുടുംബത്തിന്റെ ദയനീയ സാഹചര്യം പരിഗണിച്ച് ടി ഒരു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ശ്രീ. ആഞ്ചലോസിന് അനുവദിച്ച് നൽകുവാനും ആശുപത്രിക്ക് ബിൽ ഇനത്തിൽ ഇനിയും നൽകുവാൻ ശേഷിക്കുന്ന 2,22,060/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ടി ആശുപത്രിക്ക് അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം കൊല്ലം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

...2/-

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വേലംപൊയ്കയിൽ വീടിന് മുകളിലേയ്ക്ക് വാട്ടർടാങ്ക് വീണ് മകൻ മരണപ്പെട്ട ശ്രീ. ആഞ്ചലോസിന്റെ കുടുംബത്തിന് ആശ്വാസമെന്ന നിലയിൽ വാട്ടർ അതോറിറ്റിയിലെ ജീവനക്കാർ പിരിച്ചെടുത്ത് നൽകിയ 1 ലക്ഷം രൂപ ശ്രീമതി. ബീനയുടെ ചികിൽസാ ചെലവിനത്തിൽ ടി കുടുംബം ആശുപത്രിക്ക് നൽകിയ സാഹചര്യത്തിൽ, കുടുംബത്തിന്റെ ആവശ്യത്തിനായി വിനിയോഗിക്കുന്നതിന് ശ്രീ. ആഞ്ചലോസിന് 1 ലക്ഷം രൂപയും ശ്രീമതി. ബീനയുടെ ചികിൽസാർത്ഥം കൊല്ലം മെഡിസിറ്റി ആശുപത്രിക്ക് ബില്ല് പ്രകാരം ബാക്കി നൽകാനുള്ള തുകയായ 2,22,060/- രൂപയും ചേർത്ത് ആകെ 3,22,060/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അറുപത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച് ഉത്തരവാകുന്നു.

5. വിതരണത്തിനാവശ്യമായിവരുന്ന 3,22,060/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അറുപത് രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക കൊല്ലം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാകളക്ടർ തുക വിതരണം ചെയ്ത് (ഒരു ലക്ഷം രൂപ ശ്രീ. ആഞ്ചലോസിനും, 2,22,060/- രൂപ കൊല്ലം മെഡിസിറ്റി ആശുപത്രിക്കും) ഒരാഴ്ചയ്ക്കകം സർക്കാരിനെ വിവരം അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി.,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, കൊല്ലം
തഹസിൽദാർ, കൊട്ടാരക്കര
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ ഫണ്ട്സ് വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.